# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/97/2018 2018 മെയ് 9

## പത്രക്കുറിപ്പ്

**അന്തർദ്ദേശീയ നാനോ സംഗമത്തിന് എം.ജി. യൂണിവേഴ്സിറ്റിയിൽ നാളെ തുടക്കം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ കോൺഫറൻസ് നാളെ (മെയ് 11) സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ഭാരതരത്ന പ്രൊഫ. സി.എൻ.ആർ. റാവു ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, IIUCNN ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ സംസാരിക്കും. 11 മുതൽ 13 വരെ നടക്കുന്ന നാനോ സംഗമത്തിൽ 300ൽ അധികം ശാസ്ത്രജ്ഞർ പങ്കെടുക്കുന്നു. ഈ കോൺഫറൻസിൽ 'ഹൊറൈസൻ 2010' എന്ന പേരിൽ അന്തർദ്ദേശീയ ഗവേഷണ സാദ്ധ്യതകളെ പരിചയപ്പെടുത്തുന്ന ബ്രെയിൻ സ്ട്രോമിംഗ് സെഷനും ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 9847820197, ഇമെയിൽ: nanomaterials@macromol.in

**അപേക്ഷാ തീയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തുന്ന രണ്ടാം വർഷ എം.ഫിൽ (സി.എസ്.എസ്.) 2016-17 പരീക്ഷ മെയ് 28ന് രാവിലെ 10.30 മുതൽ 12.30 വരെ നടക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 16 വരെയും 50 രൂപ പിഴയോടെ 18 വരെയും സ്വീകരിക്കും. പരീക്ഷാഫീസായി 1,175 രൂപ സർവ്വകലാശാലാ ഈപേയ്മെന്റ് സംവിധാനത്തിലൂടെ അടയ്ക്കാവുന്നതാണ്.

**പരീക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി/ഇന്റലക്ച്വൽ ഡിസെബിലിറ്റി - പെഡഗോഗി ഓഫ് ടീച്ചിംഗ് മലയാളം) (സി.എസ്.എസ്. 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ജൂൺ 6ന് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**കേന്ദ്രീകൃത പ്രവേശന പരിശീലന പരിപാടി**

2018-19 അദ്ധ്യയന വർഷത്തിലെ കേന്ദ്രീകൃത പ്രവേശനവുമായി ബന്ധപ്പെട്ട് അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രവേശന ചുമതലയുള്ള അദ്ധ്യാപകർക്കും അനദ്ധ്യാപക ജീവനക്കാർക്കും മെയ് 11ന് രാവിലെ 10.30 മുതൽ സർവ്വകലാശാലാ അസംബ്ലി ഹാളിൽ വച്ച് പരിശീലനം നൽകുന്നതാണ്. കോളേജിൽ നിന്നും രണ്ട് അദ്ധ്യാപകരും ഒരു അനദ്ധ്യാപക ജീവനക്കാരനും പങ്കെടുക്കേണ്ടതാണ്.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.ടെക് (പവ്വർ സിസ്റ്റംസ്) മെയ് 2018 പരീക്ഷയുടെ മാസ്റ്റേഴ്സ് തിസിസ് ആന്റ് മാസ്റ്റേഴ്സ് കോംപ്രിഹെൻസീവ് വൈവ മെയ് 17ന് കോട്ടയം പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടക്കും.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2017 നവംബറിൽ നടത്തിയ നാലാം വർഷ എൽ.എൽ.ബി. (ത്രിവത്സരം - 4 pm - 9 pm, റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 22 വരെ അപേക്ഷിക്കാം.

**സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗിൽ യു.പി.എസ്.സി. സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷാ പരിശീലനത്തിന് ഈപേ സംവിധാനത്തിലൂടെ 200 രൂപ അടച്ച് മെയ് 18 വരെ ബിരുദവിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ശനി, ഞായർ, മറ്റൊഴിവ് ദിവസങ്ങളിലായാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. റിട്ട. ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബാണ് ഓണററി ഡയറക്ടർ. ജൂൺ 2ന് നടത്തുന്ന അഭിരുചി എഴുത്തുപരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. വിശദമായ വിജ്ഞാപനവും അപേക്ഷാഫോമും www.mgu.ac.in, www.dllemgu.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731560, 2731724. ഇമെയിൽ: nanomaterials@macromol.in

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**